# ത്രിദിന പുസ്തകോത്സവം

മണ്ണുത്തി > കേരള കാർഷിക സർവകലാശാലയുടെ ത്രിദിന പുസ്തകോത്സവം വെള്ളാനിക്കരയിൽ സന്തോഷ് ഏച്ചിക്കാനം ഉദ്ഘാടനം ചെയ്തു. സി ആർ ദാസ് മുഖ്യപ്രഭാഷണം നടത്തി.

കേന്ദ്ര ലളിതകലാ അക്കാദമി അവാർഡ് ജേതാവായ സർവ്വകലാശാല ജീവനക്കാരൻ ആർട്ടിസ്റ്റ് കെ ആർ.ന കുമാരനെ ജനറൽ കൌൺസിൽ അംഗം ഡോ. എ സക്കീർഹുസൈൻ ആദരിച്ചു. മാടക്കത്ര പഞ്ചായത്ത് പ്രസിഡന്റ് പി എസ് വിനയൻ ലൈബ്രറി ബ്രോഷർ പ്രകാശനം ചെയ്തു. വെള്ളായണി കാർഷിക കോളേജ് ഡീനും ജനറൽ കൗൺസിൽ അംഗവുമായ ഡോ. എ അനിൽകുമാർ അധ്യക്ഷനായി. കേരള ലളിതകലാ അക്കാദമിയുമായി സഹകരിച്ച് സംഘടിപ്പിച്ച പെയിന്റിങ് പ്രദർശനം സർവകലാശാലാ ആസൂത്രണവിഭാഗം മേധാവിയും ജനറൽ കൗൺസിൽ അംഗവുമായ ഡോ. ടി പ്രദീപ്കുമാർ ഉദ്ഘാടനം ചെയ്തു. സർവകലാശാലയുടെ കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള നല്ല വായനക്കാരായി തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്കും വിദ്യാർഥികൾക്കും അഡ്വ. കെ രാജൻ, എംഎൽഎ സ്പോൺസർ ചെയ്ത പുരസ്കാരങ്ങൾ സന്തോഷ് ഏച്ചിക്കാനം വിതരണം ചെയ്തു.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ പ്രതിനിധി ഭൂപേന്ദ്രദത്ത്, സർവകലാശാല ലൈബ്രേറിയൻ ഡോ. എ ടി ഫ്രാൻസിസ്, ഹോർട്ടികൾച്ചർ കോളേജ് അസോസിയറ്റ് ഡീൻ ഡോ. ജോർജ് തോമസ്, ജനറൽ കൗൺസിൽ അംഗങ്ങൾ,

ഹെഡ്മിസ്ട്രസ് ടി ജെ മാഗി, വിവിധ സ്കൂൾ, കോളേജുകളിലെ വിദ്യാർഥി യൂണിയൻ ഭാരവാഹികളായ സി എസ് ശ്രീലക്ഷ്മി, എം മുഹമ്മദ് അനീസ്, ജെ ഹിമ, രവീൻ, കോ-ഓർഡിനേറ്റർ കെ വി അൽഫോൺസ എന്നിവർ സംസാരിച്ചു.

Deshabhimani 02.02.18